# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4140 25.06.2014 – ൽ മറുപടിക്ക്

## തലശ്ശേരി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ നിലവിൽ എത്ര കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം നടന്നുവരുന്നുണ്ടെന്ന് അറിയിക്കുമോ; | (എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ നിലവിൽ രണ്ട് കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം നടന്നു വരുന്നു. |
| (ബി) ഓരോ പദ്ധതിയുടെയും പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | (ബി) തലശ്ശേരി നഗരസഭ പ്രദേശത്ത് യു.ഐ.ഡി.എസ്സ്.എസ്സ്.എം.ടി. പദ്ധതിയിൽ ഉൾപ്പെടുത്തി മൈലാടിയിൽ നിന്നും തലശ്ശേരി വരെ ഗ്രാവിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി ഏതാണ്ട് പൂർത്തീകരിച്ചിട്ടുണ്ട്. അനുബന്ധ ഘടകങ്ങളായ പൈപ്പ് ലൈൻ പാലങ്ങളുടെയും, ടാങ്ക്, വിതരണ ശൃംഖല ശക്തിപ്പെടുത്തൽ എന്നിവയുടെയും പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.<br><br>തലശ്ശേരി ശുദ്ധജലവിതരണ പദ്ധതി നവീകരണത്തിന്റെ ഭാഗമായി, വെളിയമ്പ്ര മുതൽ കീഴല്ലൂർ വരെ 19 കി.മീറ്റർ 700 എം.എം. ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. അനുബന്ധ സിവിൽ മെക്കാനിക്കൽ പ്രവൃത്തികളും പൂർത്തീകരിച്ചു. പൊതു ഇലക്ട്രിക്കൽ സബ് സ്റ്റേഷനുവേണ്ടി 389 ലക്ഷം രൂപ കെ.എസ്.ഇ.ബി.ക്ക് ഡിപ്പോസിറ്റ് ചെയ്തുവെങ്കിലും സ്ഥലം അനുവദിച്ചു കിട്ടാത്തതിനാൽ പ്രവൃത്തി തുടങ്ങിയിട്ടില്ല. കിണർ, പമ്പ് ഹൗസ് നിർമ്മാണ പ്രവൃത്തി |

| | | |
|---|---|---|
| | | എഗ്രിമെന്റ് ചെയ്തു. സ്ഥലം കൈമാറി കിട്ടാനുള്ള അപേക്ഷയിന്മേൽ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിൽ നിന്നും വാക്കാൽ അനുമതി ലഭിച്ചതിനാൽ, പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഓരോ പദ്ധതിയും എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ ? | (സി) യു.ഐ.ഡി.എസ്സ്.എസ്സ്.എം.ടി. പദ്ധതി 2014 ഡിസംബറിൽ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു. വിപുലീകരണ പദ്ധതി 2015 ഏപ്രിൽ മാസത്തോടു കൂടി പൂർത്തീകരിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ